# കളരിപ്പയറ്റ് : കേരളത്തിന്റെ തനത് ആയോധനസമ്പ്രദായം

**ഷെറീനാ റാണി. ജി. ബി,**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്.

അറുപത്തിനാലു കലാവിദ്യകളിൽ 'വൈജയികീവിദ്യാജ്ഞാനം' എന്ന പേരിലാണ് ആയുധവിദ്യയെ പ്രതിപാദിച്ചിരിക്കുന്നത്. വിജയം പ്രയോജനമായിട്ടുള്ള വിദ്യയുടെ അറിവ് എന്നാണിതിനർത്ഥം. ആയുധ വിദ്യയുടെ മൂലഗ്രന്ഥം യജൂർവ്വേദത്തിന്റെ ഉപവേദമായ ധനുർവേദമാണ്. കേരളത്തിന്റെ തനത് ആയോധനസമ്പ്രദായമായ കളരിപ്പയറ്റ് പരശു രാമൻ ബ്രാഹ്മണർക്കു ദാനംചെയ്തതാണെന്നാണ് പ്രബലമായ വിശ്വാ സം. ഉഗ്രം വെള്ളി, ദ്രോണം വെള്ളി, ഘോരം വെള്ളി, ഉള്ളൂർ തുരുത്തി യാട് എന്നീ നാലു ബ്രാഹ്മണ ഇല്ലക്കാരെയാണ് ഇതാദ്യം അഭ്യസിപ്പി ച്ചതെന്ന് പഴയ ഒരു താളിയോലഗ്രന്ഥത്തിൽക്കാണാം.

'ഹരിഃ ശ്രീ ഗണപതയേ നമഃ അവിഘ്നമസ്തു ശ്രീ ഗുരുഭ്യോ നമഃ ബ്രഹ്മൻ വിഷ്ണു മഹേശ്വരന്മാരെയും എൺമൂവായിരക്കോടി ഋഷീശ്വരന്മാ രെയും മുപ്പത്തുമുക്കോടി ദേവകളെയും അറുപത്താറായിരക്കോടി അസു രകളെയും ആചാര്യന്മാരെയും തുളുനാടുതൊട്ടു നാലുസമ്പ്രദായത്തിനെ യും കാന്തർ തനയൻ, കോരംവള്ളി, ഉഗ്രംവള്ളി ആയിരത്തെട്ടു നില ക്കും തെക്കെ ഊറിലയ്യനെയും സമ്പ്രദായത്തിനെയും മലനാട്ടിൽ തുളു നാട് ഒള്ളരെത്തുരുത്തിയാട് നമ്മുടെ സമ്പ്രദായത്തിനെയും നാല്പത്തീ രടീലെ ഗുരുക്കന്മാരെയും ഇരുപത്തൊന്നു ഗുരുഭൂതന്മാരെയും നമ്മുടെ ഗു രുവിനെയും സ്മരിക്ക...'

അങ്ങനെയാണ് ഇരുപത്തിയൊന്നു ഗുരുക്കന്മാരും ഇരുപത്തിയൊ ന്നു കളരികളും ഉണ്ടായത്. ഇവരാൽ പിന്നീട് നൂറ്റിയെട്ടു കളരികൾ

സ്ഥാപിതമായി. ധനർവേദമാണ് ആയോധനകലയുടെ അടിസ്ഥാന സംഹിത.

'ബ്രാഹ്മണായ ധനർദ്ദേയം
ഖഡ്ഗം വൈക്ഷത്രിയായ ച
വൈശ്യായദാപയേത് കുന്തം
ഗദാംശ്ശൂദ്രായ ദാപയേത്'
(ധനർവേദസംഹിത)

എന്ന പ്രമാണപ്രകാരം ബ്രാഹ്മണനു വില്ലും ക്ഷത്രിയനു വാളും വൈശ്യനു കുന്തവും ശൂദ്രനു ഗദയും ആണ് നിഷ്കർഷിച്ചിട്ടുള്ളത്.

ധനർവ്വേദസംഹിതയിൽ ദീക്ഷാപാദം, സംഗ്രഹപാദം, സിദ്ധിപാദം, പ്രയോഗപാദം എന്നിങ്ങനെ നാലു പാദങ്ങളുണ്ട്. മുക്തം, അമുക്തം, മുക്താമുക്തം എന്നിങ്ങനെ ആയുധങ്ങളെ മൂന്നുവിധമായി വിഭജിച്ചിട്ടുമുണ്ട്.

ആയോധനപരിശീലനശാലയ്ക്ക് സംസ്കൃതത്തിൽ 'ഖലൂരിക' എന്നാണ് പറഞ്ഞുവന്നിട്ടുള്ളത്. കളരികൾ ആദികാലത്ത് രണ്ടുതരത്തിലുണ്ടായിരുന്നു. ചെറുകളരി (കുഴിക്കളരി), അങ്കക്കളരി എന്നിവയാണവ. ആകൃതി, വലിപ്പം മുതലായവയിൽ ഈ കളരികൾക്കുള്ള ഐകരൂപ്യം ഇവയുടെ ശാസ്ത്രീയത വ്യക്തമാക്കുന്നു. അങ്കക്കളരി താല്ക്കാലികമായി അങ്കംവെട്ടുന്നതിനുവേണ്ടിമാത്രം നിർമ്മിച്ചിരുന്നവയാണ്. നാട്ടുവാഴികളുടെ കുടിപ്പക തീർക്കാൻ ഈ അങ്കക്കളരിയിൽവെച്ച് യോദ്ധാക്കളെക്കൊണ്ട് അഭ്യാസപ്രകടനവും യുദ്ധവുംചെയ്യിച്ച് ജയിക്കുന്നവരുടെ ഭാഗത്തിനനുകൂലമായി തീർപ്പുകല്പിച്ചിരുന്നു. എല്ലാവർക്കും കാണാനും വന്നുചേരാനും സൗകര്യപ്രദമായ ഒരു പൊതുസ്ഥലത്തായിരിക്കും കളരി സ്ഥാപിക്കുക. 'അങ്കത്തട്ട്' എന്നറിയപ്പെട്ടിരുന്ന ദ്വന്ദ്വയുദ്ധത്തിനുള്ള സ്ഥലവും ഇതിൽപ്പെടുന്നു. നിലവിതാനത്തിൽ നിന്ന് നാലോ ആറോ അടി ഉയർന്നതായ ഒരു തട്ട് (Platform) നല്ല തച്ചന്മാരെക്കൊണ്ട് അങ്കത്തിനുമുൻകൂട്ടി പണിചെയ്യിക്കുന്നു. അങ്കംകുറിയ്ക്കപ്പെട്ട നാൾക്കകം, തച്ചൻ ആചാരപ്രകാരമുള്ള പൂജചെയ്ത്, ഈ തട്ട് അങ്കം വെട്ടുന്നവർക്കായി നല്കുന്നു. വടക്കൻ പാട്ടിൽ ഈ സമ്പ്രദായത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

തട്ടും കാൽമുറിപ്പാനായി വിളക്കും നിറയു-
മൊക്കെയൊരുക്കിയവിടെത്തന്നെ
ഗണപതിപൂജ കഴിച്ചീടുന്നു
വെന്തേക്ക് മരവും മുറിച്ചുവെച്ചു

മെഴക്കോലുതന്നെയെടുത്തുകൊണ്ടു
കണക്കായ് മുറിക്കുന്ന പണിയാളരും
തട്ടും കാൽതന്നെയും പണിയും തീർത്തു
പടിയും പലകപ്പണി കഴിഞ്ഞു
നഗരം നടക്കലും കൊണ്ടുപോയി
മെച്ചമായ് നല്ലൊരു തട്ടുതാനും
നാലും കൂടിയ പെരുവഴിയിൽ
കണക്കാക്കിവയ്ക്കുന്ന വിശ്വകർമ്മൻ
വെന്തേക്കുകൊണ്ടല്ലോ തട്ടിൻകാലെ
പുളിങ്കാതൽ കൊണ്ടല്ലോ തട്ടുപലക
കരിമരം കൊണ്ടുപടിയും തീർത്തു
തട്ടുപണിയും കഴിഞ്ഞിതല്ലോ
പട്ടും വളയുമേ സമ്മാനിച്ചു
തച്ചന്മാരെത്തന്നെ പിരിച്ചിതല്ലോ
ഒന്നുണ്ടു കേൾക്കണം വിശ്വകർമ്മാ
തട്ടുവഴങ്ങിച്ചു കയ്യേൽക്കേണം

അങ്കത്തട്ടുനിർമ്മാണവും തട്ടുകയ്യേൽക്കലുമെല്ലാം ശാസ്ത്രീയമായും പൂജാദി കർമ്മങ്ങളോടുമാണ് ചെയ്തിരുന്നതെന്ന് ഈ വരികളിൽ പ്രകടമാകുന്നു.

അതുപോലെതന്നെ കളരിയുടെ നിർമ്മിതിയും വളരെ ശാസ്ത്രീയമാണ്. ഇതിനു കൃത്യമായ അളവുകൾ പാലിക്കണം. ധ്വജയോനി, വൃഷയോനി തുടങ്ങിയ അളവുകൾ കളരിത്തറയുടെ വിസ്തീർണ്ണത്തിനവലംബിച്ചുപോന്നിരുന്നു. കളരിയുടെ തറ വിസ്തീർണ്ണം 14 കോൽ x 7 കോൽ അതായത് 42 അടി x 21 അടി ആയിരിക്കണം. കളരിയുടെ ഉള്ളിൽ തെക്കുപടിഞ്ഞാറേ മൂലയിൽ (കന്നിമൂല) കളരിയിലെ പ്രധാനസങ്കല്പത്തിനായുള്ള പൂത്തറ ചെത്തിമിനുക്കിയ ചെങ്കല്ലുകൊണ്ടോ കരിങ്കല്ലുകൊണ്ടോ ഉണ്ടാക്കുന്നു. ഏഴുപടികളുള്ളതിൽ ഏഴാമത്തെ പടിയുടെ മുകളിൽ ഏഴുവിരൽ ഉയരമുള്ള ഒരു കുമ്പ് നിർമ്മിക്കുന്നു. ഈ പടിയ്ക്ക് മണിപീഠം, മണിത്തറ, ഏഴാംതൃപ്പടി എന്നെല്ലാം പേരുകളുണ്ട്. ഒറ്റക്കൽകൊണ്ട് കുമ്പിന്റെ ആകൃതിയിൽ ചെത്തിയെടുത്ത് പിടിപ്പിക്കുന്ന പൂത്തറ കളരിപരദേവതയുടെ സങ്കല്പമാണ്.

പൂത്തറ കഴിഞ്ഞാൽ പിന്നെ ഗണപതിത്തറയാണ്. പൂത്തറയുടെ അടിയിൽ നിന്നു വടക്കോട്ട് 12 വിരൽ മാറി 18 വിരൽ ചതുരത്തിലും 6 വിരൽ ഉയരത്തിലുമുള്ള ഒറ്റക്കല്ലിൽ മിനുക്കിയുണ്ടാക്കിയ ഒരു പീഠം

പടിഞ്ഞാറേ ചുമരിനോടുചേർത്തു സ്ഥാപിക്കുന്നു. ഇതാണ് ഗണപതി പീഠം അഥവാ ഗണപതിത്തറ. പൂത്തറയുടെയും ഗണപതിത്തറയുടെയും ഇടയിൽ നാഗസങ്കല്പമുണ്ട്. ഇതിനു പ്രത്യേക പീഠമില്ല. നാഗപ്രതിഷ്ഠ യായി സങ്കല്പിക്കുന്നുവെന്നേയുള്ളു. ഗണപതിത്തറയിൽ നിന്ന് അല്പം വടക്കോട്ടായി മരം കൊണ്ടുണ്ടാക്കിയതും നാലുകാലുകൾ വീതമുള്ളതും $6\frac{1}{4}$ വിരൽ ചതുരത്തിൽ ഉണ്ടാക്കിയതുമായ രണ്ടു പീഠങ്ങൾ സ്ഥാപി ച്ചിരിക്കും. ഇതിൽ ആദ്യപീഠത്തിൽ നാലു സമ്പ്രദായഗുരുക്കന്മാരെയും ഇരുപത്തിയൊന്നു ഉപഗുരുക്കന്മാരെയും സങ്കല്പിക്കുന്നു. രണ്ടാമത്തെ പീഠത്തിലാകട്ടെ, ആ കളരിയിലെ പ്രധാന ഗുരുനാഥന്റെ ഗുരുഭൂതന്മാ രെയും സങ്കല്പിക്കുന്നു. ഇതിനുപുറമേ ധനുകോൺ, മീനകോൺ, മിഥുന കോൺ എന്നിവിടങ്ങളിൽ അന്തിവീരൻ, ഭദ്രകാളി, വേട്ടയ്ക്കൊരുമകൻ എന്നീ ദേവതാസങ്കല്പങ്ങളെ പ്രതിഷ്ഠിക്കുന്നു. പ്രത്യേക പീഠങ്ങൾ ഈ സങ്കല്പങ്ങൾക്കുണ്ടാവില്ല.

കളരിയിൽ അഭ്യാസമാരംഭിക്കുന്നതിനുമുമ്പ് വാസ്തുഹോമം, സുദർ ശനഹോമം, ഗണപതിഹോമം മുതലായവ അനുഷ്ഠിക്കുന്നു. കളരിയ്ക്കു പു റത്ത് ചുറ്റും പ്രദക്ഷിണമായി കിഴക്കുമുതൽ എട്ടുദിക്കിലും ഭൂതഗണങ്ങ ളെ സങ്കല്പിച്ച് ബലിപൂജയും ചെയ്യണം. കളരിയുടെ പരിശുദ്ധിക്കും സു രക്ഷിതത്വത്തിനുവേണ്ടി ഈ പൂജകൾ നടത്തുന്നുവെന്നാണ് സങ്കല്പം.

കളരിയിലെ ഗുരുനാഥനെ 'ഗുരുക്കൾ' എന്നാണ് ഏവരും സംബോ ധന ചെയ്യുക. ഗുരുക്കൾ പറയുകയും തീരുമാനിക്കുകയും ചെയ്യുന്നതുപോ ലെയാണ് കളരിയിലെയും കളരിയെ സംബന്ധിച്ചതുമായ എല്ലാ കാ ര്യങ്ങളും നടത്തപ്പെടുന്നത്. ഏതു കാര്യത്തിലും ഗുരുക്കളുടെ വാക്കാണ് അവസാനവാക്ക്. ഗുരുക്കളോ ഗുരുക്കൾ ഉത്തരവാദപ്പെടുത്തിയ ആളോ കളരിയിലിറങ്ങി പൂജാവിധികൾ ചെയ്യുന്നതിനുമുമ്പായി കളരിയിലിറ ങ്ങാൻ ആർക്കും അധികാരമില്ല.

ഏഴുവയസ്സാണ് കളരിയിൽ ആയോധനാഭ്യാസത്തിനുള്ള കുറഞ്ഞ പ്രായം. ലിംഗഭേദമെന്യേ ആർക്കും ഇതു പരിശീലിക്കാവുന്നതുമാണ്. വിദ്യാർത്ഥികൾ കളരിയിലിറങ്ങുന്നതിനുമുൻപ് കിഴക്കുനോക്കി സൂര്യ നെ വന്ദിക്കണം. പിന്നീട് വലതുവശത്തു കൂടെ തിരിഞ്ഞ് പടികളിലൂടെ കളരിയിലേയ്ക്കിറങ്ങണം. താഴത്തെ പടിയിൽനിന്നും വലതുകാൽവെ ച്ചുവേണം കളരിയിൽ പ്രവേശിക്കേണ്ടത്. അതിനുശേഷം കളരിത്തറ തൊട്ട് നമസ്കരിക്കുന്നു. പൂത്തറ, ഗണപതിത്തറ, ഗുരുപീഠങ്ങൾ, മറ്റു പ്ര തിഷ്ഠാസങ്കല്പങ്ങൾ എന്നിവയെല്ലാം തൊട്ടുവന്ദിച്ചശേഷം ദേഹം മുഴുവൻ എണ്ണതേച്ചു പിടിപ്പിച്ച് കളരിയഭ്യാസത്തിനായി ഒരുങ്ങുന്ന പരിശീലനം

ആരംഭിക്കുന്നതിനുമുമ്പ് ഗുരുനാഥൻ കളരിവാതിൽ അടച്ചുകൊണ്ട് ഗുരുപീഠങ്ങളിൽനിന്നു മുന്നോട്ടുമാറി കിഴക്കോട്ട് അഭിമുഖമായി നിന്ന് വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്നു.

കളരിയഭ്യാസങ്ങളുടെ അടിസ്ഥാനഘടകമാണ് ചുവടുകൾ. 'ചുവടു പിഴച്ചാൽ എല്ലാംപിഴയ്ക്കും' എന്ന് ഗുരുനാഥൻമാർ നിഷ്കർഷിക്കാറുണ്ട്. ശാസ്ത്രീയമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഓരോ ചുവടും താളനിബന്ധമാണ്. ചുവടുകൾ രണ്ടുവിധം—നീക്കച്ചുവടും ആക്കച്ചുവടും. കളരിസമ്പ്രദായമനുസരിച്ച് കാലുകൾ നിയമാനുസരണം ഉറപ്പിച്ചുനിലകൊള്ളുന്നതാണ് ആക്കച്ചുവട്. അഭ്യാസനിയമപ്രകാരം ഒരു ചാട്ടത്തിനോ ഒഴിവിനോ വാങ്ങിമാറ്റത്തിനോ വേണ്ടി ഒരുങ്ങിനില്ക്കുന്നതാണ് നീക്കച്ചുവട്. ചുവടുകൾ വെയ്ക്കുമ്പോഴുണ്ടാകുന്ന ആകൃതി, ചുവടുകൾ തമ്മിലുള്ള ദൈർഘ്യം, വിസ്താരം ഇവയെ ആധാരമാക്കി മേല്പറഞ്ഞ രണ്ടിനം ചുവടുകളെ വീണ്ടും നാലായി തിരിച്ചിരിക്കുന്നു. അവ വട്ടക്കാൽച്ചുവട്, നീട്ടക്കാൽച്ചുവട്, കോൺകാൽചുവട്, ഒറ്റക്കാൽച്ചുവട് എന്നിവയാണ്. പല ചുവടുകളും അഭ്യാസത്തിനുശേഷം നിലയുറപ്പിക്കുന്നതിനെ 'വടിവുകൾ' എന്നു പറയുന്നു. കളരിപ്പയറ്റിൽ ഇത്തരത്തിലുള്ള എട്ടുവടിവുകളുണ്ട്. ഗജവടിവ്, സിംഹവടിവ്, അശ്വവടിവ്, വരാഹവടിവ്, സർപ്പവടിവ്, മാർജ്ജാരവടിവ്, കുക്കുടവടിവ്, മത്സ്യവടിവ് എന്നിങ്ങനെയാണ് എട്ടു സ്ഥാനക്രമങ്ങൾ. പേരുപോലെതന്നെ ഈ വടിവുകൾ ചില മൃഗങ്ങളെ അനുസ്മരിപ്പിക്കുന്നു.

കളരിപ്പയറ്റിലെ മറ്റൊരു പ്രധാന അഭ്യാസമുറയാണ് മെയ്പ്പയറ്റ്. ഇതിന് മെയ്യിറക്കം, മെയ്യൊതുക്കം, മെയ്‌വഴക്കം, മെയ്യടക്കം എന്നീ പേരുകളുമുണ്ട്. നേർകാൽ, കോൺകാൽ, തിരിച്ചുകാൽ, വീത്കാൽ, വീത് തിരിഞ്ഞുകാൽ, അകം കാൽ, പുറം കാൽ, ദിക്കുകാൽ, ചാടിപ്പുറംകാൽ, പകർന്നുകാൽ എന്നിങ്ങനെ പത്തുതരമുണ്ട്. ഇതര ആയോധനകലകളെ അപേക്ഷിച്ച് കളരിപ്പയറ്റിനുമാത്രമായുള്ള മേന്മയാണ് മെയ്പ്പയറ്റ്.

വലത്തുനേരെ എടുത്തിരുത്തൽ, ഇടത്തുനേരെ എടുത്തിരുത്തൽ, മലർന്നു തിരിച്ചിരുത്തി കൈവീതിരുത്തൽ, തച്ചുവളയൽ, സൂചിക്കിരുത്തൽ, തൊഴുതുകുത്തൽ തുടങ്ങി നിരവധി അഭ്യാസപ്രയോഗങ്ങളുണ്ട്. ഇതിനുപുറമേ മൽപ്പിടി, കൈപ്പിടിപ്പയറ്റ്, കൈകൊണ്ടുള്ള വെട്ട്, തട്ട്, പൂട്ട്, നീട്ട്, തടവ്, താങ്ങ് തുടങ്ങിയ പ്രയോഗങ്ങളുമുണ്ട്.

ആയുധപ്രയോഗത്തിന് കളരിയിൽ ഏറെ പ്രാമുഖ്യമുണ്ട്. ആയുധാഭ്യാസനിയമപ്രകാരം ഒരു മനുഷ്യന്റെ ശരീരത്തിൽ

ആയുധപ്രഹരമേല്പിക്കാൻ അഞ്ചുസ്ഥാനങ്ങളാണുള്ളത്. ഓതിരം, ഒളവ്, പൊറവ്, കടകം, വാരി എന്നിവയാണവ. കെട്ടുകാരി, ചെറുവടി, ഒറ്റ ക്കോൽ, ഗദകാാരം, വാളും പരിചയും, കുന്തം, കത്തിയും തളയും, ഉറുമി തുടങ്ങിയവയാണ് പ്രധാന ആയുധങ്ങൾ. കളരിചികിത്സാ സമ്പ്രദായ ത്തിന് കേരളം അന്യനാടുകളിൽപ്പോലും കീർത്തികേട്ടതാണ്.

അച്ചടക്കത്തിലും ഗുരുഭക്തിയിലും അധിഷ്ഠിതമായ അതിവിശിഷ്ട മായ ഒരായോധനസമ്പ്രദായമാണിതെന്നു വ്യക്തം. കളരിയിലെ ഗുരു ശിഷ്യബന്ധം പണ്ടത്തെ ഗുരുകുലപാരമ്പര്യങ്ങൾക്കനുസൃതമായി തുടർ ന്നുവരുന്ന ഉദാത്തമായ ഒന്നാണ്. ഗുരുവിന്റെ പാദങ്ങൾ തൊട്ടുവന്ദിക്കു ന്നതോടെ ശിഷ്യൻ സ്വയം ഗുരുവിനർപ്പിക്കുകയാണ്. നമ്മുടെ പുതിയ വിദ്യാഭ്യാസസമ്പ്രദായം തകർത്തുകളഞ്ഞതും പാവനമായ ഗുരുശിഷ്യ ബന്ധത്തിലധിഷ്ഠിതവുമായ മഹത്തായ പാരമ്പര്യത്തെ ഇന്നും അഭംഗു രം കാത്തുസൂക്ഷിച്ചുപോരുന്നത് കളരിയിൽ മാത്രമാണ്. അളവറ്റ ധനം നല്കിയോ മറ്റുവിധത്തിലോ ഗുരുവിനെ സ്വാധീനിച്ച് ഗുരുവിൽനിന്ന് കള രിവിദ്യകൾ സ്വയത്തമാക്കാൻ ഒരു ശിഷ്യനും കഴിയില്ല. അചഞ്ചലമായ ആത്മസ്ഥൈര്യവും അച്ചടക്കവും സമർപ്പണ മനോഭാവവും കൂടാതെ കള രിപ്പയറ്റിലെ അനർഘങ്ങളായ വിദ്യകൾ സ്വായത്തമാക്കാൻ ഒരാൾക്കും സാധിക്കില്ലെന്നത് തീർച്ചയാണ്.

സഹായകഗ്രന്ഥങ്ങൾ

1. ജോജി (എഡി:) വിശ്വവിജ്ഞാനകോശം, വാല്യം നാല്, നിശാഗന്ധി പബ്ലി ക്കേഷൻസ്, 2010.
2. വിഷ്ണുനമ്പൂതിരി എം.വി., ഡോ., ഫോക്‌ലോർനിഘണ്ടു, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.
3. കളരിപ്പയറ്റ് : കേരളത്തിലെ പ്രാചീന ആയോധനമുറകൾ, ബാലകൃഷ്ണൻ. പി., പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1994.